കൃഷിഫാമുകളുടെ പ്രവർത്തനം

59 (4098) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിഫാമുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ മിക്ക കൃഷിഫാമുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മലപ്പുറം ജില്ലാ കൃഷിഫാം സ്വകാര്യ വ്യക്തികൾക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇവിടെ ആകെ എത്ര ജീവനക്കാരാണ് പണിയെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) മലപ്പുറം ജില്ലാ കൃഷിഫാമിന്റെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ജി) ഫാമിനെ പൊതുമേഖലയിൽ നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ മിക്ക ഫാമുകളും ആദായകരമായല്ല പ്രവർത്തിക്കുന്നത്. നടീൽവസ്തുക്കൾ യഥാർത്ഥ ഉല്പാദന ചെലവിൽ തന്നെ കർഷകർക്ക് നൽകിയാൽ മാത്രമേ ഫാമുകൾ ലാഭത്തിൽ ആവുകയുള്ളൂ. ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉല്പാദന ചെലവിനേക്കാൾ കുറഞ്ഞ നിരക്കിൽ കർഷകർക്ക് നൽകുന്നതിനാൽ ചെലവും വിറ്റുവരവും തമ്മിൽ ഉണ്ടാകുന്ന അന്തരം ഫാമുകൾ ആദായകരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതിന് കാരണമാകുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) മലപ്പുറം ജില്ലാ കൃഷിഫാമിൽ ആകെ 76 ജീവനക്കാരാണുള്ളത്.

(എഫ്) ചുറ്റുമതിൽ മുഴുവനായി ഇല്ലാത്തതിനാൽ വന്യമൃഗങ്ങളുടെ ശല്യം ഉണ്ടാകുന്നുണ്ട്. സാമ്പത്തിക നിയന്ത്രണം, തൊഴിലാളികളുടെ ലഭ്യതകുറവ്, പ്രായാധിക്യമുള്ള സ്ഥിരം തൊഴിലാളികൾ, യന്ത്രവൽക്കരണത്തിന്റെ അഭാവം എന്നിവ ഫാമിന്റെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളാണ്.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഹരിതസംഘങ്ങളുടെ പ്രവർത്തനം

60 (4099) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കിയ ഹരിത സംഘങ്ങളുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly